കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2000 ഡിസംബർ 18, തിങ്കൾ

വാല്യം 112] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പത്താം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2000 ഡിസംബർ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ...ഓർഡർ.... ചോദ്യം 1

1 (*1) മുല്ലപ്പെരിയാർ കരാർ ലംഘനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ജലം തമിഴ്നാടിന് മറ്റു ഡാമുകളിൽ ശേഖരിക്കുന്നതിനും ഗാർഹിക-വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും നിലവിലുള്ള മുല്ലപ്പെരിയാർ കരാർ അനുവദിക്കുന്നുണ്ടോ;

(ബി) തമിഴ്നാട് ഈ വക കാര്യങ്ങൾക്ക് മുല്ലപ്പെരിയാർ ജലം ഉപയോഗിക്കുന്നുണ്ടോ;

(സി) മുല്ലപ്പെരിയാർ ജലം ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന മധുര ജില്ലയ്ക്ക് പുറത്ത് ജലസേചനത്തിന് ഉപയോഗിക്കുന്നതിന് നിലവിലുള്ള കരാർ അനുവദിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ തമിഴ്നാട് പഴയ മധുര ജില്ലയ്ക്ക് പുറത്ത് മുല്ലപ്പെരിയാർ ജലം ജലസേചനത്തിനും മറ്റും ഉപയോഗിക്കുന്നുണ്ടോ എന്നന്വേഷിച്ചു നടപടിയെടുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മുല്ലപ്പെരിയാർ പുഴയുടെ മേൽഭാഗത്ത് തമിഴ്നാട് ചെമ്പകവല്ലി ഡാം നിർമ്മിക്കുകയും ജലം തിരുനെൽവേലി ജില്ലയ്ക്ക് തിരിച്ച് വിടുകയും ചെയ്യുന്നുണ്ടോ; എങ്കിൽ ഇത് നിലവിലുള്ള കരാർ പ്രകാരമാണോ;

(എഫ്) മുല്ലപ്പെരിയാർ കരാർ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിയെടുക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) കരാർ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അതേപ്പറ്റി അന്വേഷിച്ച് അനന്തര നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : മുല്ലപ്പെരിയാറിനെക്കുറിച്ച് 6 ചോദ്യങ്ങൾ വന്നിട്ടുണ്ട്. 6 എണ്ണം ക്ലബ്ബു ചെയ്താൽ അതുതന്നെ തീരില്ല. അങ്ങനെയൊരു വിഷമ സ്ഥിതിയുണ്ടെന്ന് അറിയിക്കുകയാണ്. അതുകൊണ്ട് ഈ ചോദ്യങ്ങൾ ക്ലബ്ബു ചെയ്യുന്നില്ല. സമാന ചോദ്യങ്ങൾ ചോദിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ,ബി) അനുവദിക്കുന്നില്ല. മുല്ലപ്പെരിയാർ റിസർവോയറിൽ നിന്ന് ജലം ഒരു ലീഡിംഗ് ചാനലും ടണലും വഴി തമിഴ്നാട്ടിലെ വൈഗെ ആറിലെത്തിച്ച് അതിൽ നിന്ന് തടയണകൾ വഴിയും കനാലുകൾ വഴിയും ജലസേചനത്തിന് ഉപയുക്തമാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ജലസേചനത്തിന് ഉപയോഗിക്കേണ്ട ഈ ജലം ഫോർബേ ഡാമിൽ ശേഖരിച്ച് വൈദ്യുതി ഉത്പാദനത്തിന് ഉപയോഗിച്ചതിൻമേൽ ഉടലെടുത്ത തർക്കം അമ്പയറുടെ തീർപ്പിന് ശേഷം 1970-ലെ അനുബന്ധ കരാർ അനുസരിച്ച് കേരളം അനുമതി നൽകുകയായിരുന്നു.

(സി) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ ഒഴുകി വരുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. മധുരജില്ലയിലെ വരൾച്ച ബാധിത പ്രദേശത്തെ ജലസേചനത്തിന് ഉപയുക്തമാക്കുകയെന്നതായിരുന്നു. ഈ കരാറ് കൊണ്ട് ഉദ്ദേശ്യമാക്കിയിരുന്നതെന്ന് രേഖകളിൽ കാണുന്നു എന്നാൽ കരാറിൽ ഇങ്ങനെ ഒരു വ്യവസ്ഥ ചേർത്തതായി കാണുന്നില്ല.

(ഡി) മുല്ലപ്പെരിയാർ ഡാമിലെ ജലം ടണൽ വഴി വൈഗെ ആറിൽ എത്തിച്ച് കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ വൈഗെ ആറിന്റെ വൃഷ്ടി പ്രദേശത്തെ ജലവും മുല്ലപ്പെരിയാറിലെ ജലവും വേർതിരിച്ചെടുക്കുവാൻ സാദ്ധ്യമല്ല.

(ഇ) ചെമ്പകവല്ലി ഡാമുവഴി തിരുനെൽവേലി ജില്ലയ്ക്ക് ജലം തിരിച്ചു വിടുന്നതിന് ശ്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വളരെക്കാലമായി ഇത് ഉപയോഗത്തിലില്ല എന്നും തമിഴ്നാട്ടിലേയ്ക്ക് വെള്ളം ഒഴുകുന്നില്ലെന്നും വനം വകുപ്പിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ ഡാം കരാർ പ്രകാരമുള്ളതല്ല.

(എഫ്,ജി) 1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ച് ജലസേചനത്തിന് വേണ്ടി മുല്ലപ്പെരിയാറിൽ നിന്ന് നല്കി വന്ന ജലം വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിച്ചത് കരാർ ലംഘനമായി കണ്ട് ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചു. 1941-ൽ വൈദ്യുതി ഉൽപാദനം കരാർ ലംഘനമാണെന്ന് അമ്പയർ വിധിച്ചു. 1970-ലെ അനുബന്ധ കരാർ അനുസരിച്ച് പിന്നീട് കേരളം ഇതിന് അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ചന്ദ്രൻ : ചോദ്യം (സി)യുടെ ഉത്തരത്തിൽ 1886-ലെ മുല്ല പ്പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ ഒഴുകി വരുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്; മധുര ജില്ല യിലെ വരൾച്ച ബാധിത പ്രദേശത്തെ ജലസേചനത്തിന് ഉപയുക്തമാക്കുക യെന്നതായിരുന്നു ഈ കരാറുകൊണ്ട് ഉദ്ദേശ്യമാക്കിയിരുന്നതെന്ന് രേഖക ളിൽ കാണുന്നു. എന്നാൽ കരാറിൽ ഇങ്ങനെയൊരു വ്യവസ്ഥ ചേർത്തതായി കാണുന്നില്ല എന്താണ് പറഞ്ഞിരിക്കുന്നത്. സർ, കരാറിൽ ഇല്ലാത്ത വ്യവസ്ഥ ഏതു രേഖയിൽ കണ്ടുകൊണ്ടാണ് വെള്ളം കൊടുക്കാൻ ഇടയായത് 29-5-1970-ലാണ് കരാർ പുതുക്കുന്നത്. ഈ കരാർ ഉണ്ടാക്കുന്നതിന് മുമ്പ് കാര്യമായ നിയമ പരിശോധനയൊന്നും നടന്നിട്ടില്ലെന്നാണ് അറിയാൻ കഴി ഞ്ഞിട്ടുള്ളത്. 1947-ലെ ഇൻഡ്യൻ ഇൻഡിപ്പെൻറൻസ് ആക്ട് അനുസരിച്ച് 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ കാലഹരണപ്പെട്ടതാണെന്നും കാലഹര ണപ്പെട്ട കരാറിന് അനുബന്ധ നിയമങ്ങളുണ്ടാക്കാൻ അവകാശമില്ലെന്നുമി രിക്കെ ഇങ്ങനെ ദൃഷ്ടിയിൽപെട്ടത് രേഖയിൽ കാണുന്ന വ്യവസ്ഥകളിൽ ഇല്ലാത്തതാണെന്നതു സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച നടപടികളെന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : 1886-ലെ മുല്ലപ്പെരിയാർപാട്ടക്കരാർ അനുസ രിച്ച് മുല്ലപ്പെരിയാറിലെ ജലം വൈദ്യുതോല്പാദനത്തിനു ഉപയോഗിച്ചതു കരാർ ലംഘനമായി കണ്ട് 1941-ൽ വൈദ്യുതോല്പാദനം കരാർ ലംഘനമാ ണെന്ന് അമ്പയർ വിധിച്ചിട്ടുണ്ട്. 1970-ൽ അനുബന്ധ കരാർ അനുസരിച്ച് പിന്നീട് കേരളം അനുമതി നൽകി.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, വ്യവസ്ഥയിൽ ഇല്ലാത്തതു രേഖയിൽ കണ്ടു വെള്ളം കൊടുത്തു എന്നാണ് പറയുന്നത്, വ്യവസ്ഥയിലില്ലാത്തത് എങ്ങനെയാണ് രേഖയിൽ കണ്ടത്; ഏതാണ് രേഖ എന്നു വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : രേഖയിൽ കണ്ടതായി പ്രസ്താവിച്ചിട്ടുണ്ട്. കരാർ ലംഘനമായി കണ്ട് ആർബിട്രേഷൻ നടപടി സ്വീകരിച്ചു എന്നാണ്... അതാണ് ഞാൻ പറഞ്ഞ മറുപടി.

ശ്രീ. കെ.എ.ചന്ദ്രൻ : ഉത്തരത്തിന്റെ രണ്ടാം പേജിൽ (സി) യിൽ പറ യുന്നപോലെ വ്യവസ്ഥയിൽ ഇല്ലാത്തതെങ്ങനെയാണ്....

ശ്രീ. ഇ.കെ. നായനാർ : രേഖയിൽ അങ്ങനെയൊരു വ്യവസ്ഥ ചേർത്തതായി കാണുന്നില്ല എന്നതു വസ്തുതയാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, മുല്ലപ്പെരിയാർ ഡാമിന്റെ സ്ഥിതി ഏതാണ്ട് അപകടത്തിലായിരിക്കുന്നു. ഇതു സംബന്ധിച്ച് കോൺട്രഡിക്ടറി ആയിട്ടുള്ള കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വിദഗ്ധരായിട്ടുള്ള ആളുകൾ അതു പരിശോധിക്കുകയും വിള്ളൽ കണ്ടെത്തുകയും അപകടമുണ്ടെന്നു പറയു കയും ചെയ്തിട്ടുണ്ട്. ഇതേ സമയത്ത് തമിഴ്നാട്ടിലെ പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രീ.ദുരൈ മുരുകൻ ഡാമിൽ വിള്ളൽ വീണു എന്ന കേരള ത്തിന്റെ വാദം ശരിയല്ല എന്നു പറഞ്ഞുകൊണ്ട് പ്രസ്താവന നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്, നില വിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഈ വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പർ കേട്ട തുപോലെ ഞാനും കേട്ടു. ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ സമിതി അന്വേഷിക്കണമെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ : സർ, മുല്ലപ്പെരിയാർ ഇന്ന് സംസ്ഥാനത്തെ സംബന്ധിച്ച് ഗൗരവമായ ഒരു പ്രശ്നമാണ്. പാട്ടക്കാലാവധി തീർന്നു എന്നും തർക്കം നിലനില്ക്കുകയാണെന്നുമാണ് ഉയർന്നു വന്ന ഒരു പ്രശ്നം. മറ്റൊന്ന്, ഡാമിന്റെ സുരക്ഷിതത്വത്തിനുതന്നെ ഭൂചലനത്തെതുടർന്ന് ഭീഷണി ഉയർന്നു വന്നിരിക്കുകയാണ്. ഇതൊക്കെ പരിഗണിച്ച് മുല്ലപ്പെരിയാർ ഡാമിനെ സംരക്ഷിക്കുന്നതിന്, കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന്, സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : കേരളത്തിലെ ഉദ്യോഗസ്ഥന്മാരെ അവിടേയ്ക്ക് അയച്ച് അന്വേഷണം നടത്തുന്നുണ്ട്. കൂടാതെ, കേന്ദ്രഗവൺമെന്റിന്റെ വിദഗ്ധ സമിതിയെ ഇങ്ങോട്ടയച്ച് ഡാമിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

ശ്രീ. കെ.എം. മാണി : അടിക്കടി ഉണ്ടായ ഭൂചലനങ്ങളുടെ ഫലമായി ഡാമിന് ഇളക്കം തട്ടിയിട്ടുണ്ടെന്നുള്ള റിപ്പോർട്ടുണ്ട്. കൂടാതെ മുല്ലപ്പെരിയാർ ഡാമിന്റെ മുകൾ ഭാഗത്തും അടിഭാഗത്തും വിള്ളലും ചോർച്ചയും ഉണ്ടെന്നും സമ്മർദ്ദം താങ്ങുവാൻ ഡാമിന് ശേഷിയില്ലെന്നും വൈദ്യുതി ബോർഡിലേയും മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാർ അടുത്ത കാലത്ത് കണ്ടെത്തിയിരിക്കുന്ന പശ്ചാത്തലത്തിൽ തമിഴ്നാട് പറയുന്നതു പോലെ ജലനിരപ്പ് ഉയർത്തുവാൻ കഴിയുകയില്ലെന്നു മാത്രമല്ല, നമ്മുടെ അടിയന്തിര ആവശ്യം, സ്റ്റേറ്റിന്റെ താല്പര്യം പരിഗണിക്കുമ്പോൾ ഡാമിലെ ജലനിരപ്പ് വെട്ടിക്കുറയ്ക്കുക എന്നുള്ളതാണ്. റിസർവോയറിലെ ജലനിരപ്പ് 136 അടിയിൽ നിന്നും താഴോട്ട് വെട്ടിക്കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ; ഇതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതൊക്കെ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയതിനു ശേഷം നമുക്കിരുന്നാലോചിക്കാവുന്നതാണ്. ഇപ്പോൾ അവിടത്തെ ജലനിരപ്പ് 136 അടിയിൽത്തന്നെ നിന്നുകൊള്ളട്ടെ.

ശ്രീ. പി.സി. ജോർജ്ജ് : 12-ഉം 16-ഉം തീയതികളിൽ ഉണ്ടായ ഭൂചലനം മുല്ലപ്പെരിയാർ അണക്കെട്ടിന് ഭീഷണിയാണെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ആളുകൾ പോയി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിരിക്കുകയാണ്. നിയമസഭാ പെറ്റിഷൻസ് കമ്മിറ്റി 2 വർഷം മുമ്പ് മുല്ലപ്പെരിയാർ ഡാമിന്റെ റിസർവോയറിലെ ജലനിരപ്പ് 120 അടിയായി കുറയ്ക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് ഈ സഭയിൽ വച്ചിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്ത്, അക്കാര്യത്തിൽ വളരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ജലനിരപ്പ് 136 അടിയിൽ നിന്നും വർദ്ധിപ്പിക്കണം എന്നുള്ളതാണ് തമിഴ്നാടിന്റെ അഭിപ്രായം. അവർ പറയുന്നത് ജലനിരപ്പ് 152 അടിയാക്കണം എന്നാണ്. നമ്മൾ 136-ൽ തന്നെയാണ് നിൽക്കുന്നത്. രണ്ടു ഗവൺമെന്റുകളും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇപ്പോഴുമുണ്ട്. ജലനിരപ്പ് കുറയ്ക്കണോ വേണ്ടയോ എന്നുള്ളത് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആലോചിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ചന്ദ്രന്റെ ചോദ്യത്തിനു മറുപടിയായി (സി)യുടെ ഉത്തരത്തിൽ പറഞ്ഞത്

കരാറിൽ വ്യവസ്ഥയില്ല. എന്നാൽ രേഖകളിൽ കാണുന്നുണ്ട് എന്നാണ്. അതായത് വരൾച്ച ബാധിത പ്രദേശത്തെ ജലസേചനത്തിന് മധുര ജില്ലയിലേയ്ക്ക് വെള്ളം കൊടുക്കാമെന്ന് രേഖകളിൽ കാണുന്നുണ്ട് എന്നാണ്, കൊടുക്കാമെന്ന് കേരളാ ഗവൺമെന്റ് സമ്മതിച്ചതായി രേഖകളിൽ കാണുന്നുണ്ട്. കരാറിൽ ഇങ്ങനെയൊരു വ്യവസ്ഥയില്ല എന്നാണ്. അങ്ങും ഞങ്ങളും ഒക്കെ ഇക്കാര്യത്തിൽ ഒരേ താല്പര്യമുള്ളവരാണ്. കരാറിൽ ഇല്ലാത്ത ഒരു കാര്യം രേഖയിലാണ് ഉള്ളത്, ആ രേഖ ഏതാണെന്നുള്ളത് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതാണ് ശ്രീ. ചന്ദ്രൻ ചോദിച്ചത്. അതിന് മറുപടി ഞാൻ പറഞ്ഞതാണ്. ഇത് ആവർത്തനമാണ്. ചന്ദ്രനോട് പറഞ്ഞ മറുപടി തന്നെയാണ് എനിക്ക് ഇപ്പോഴും പറയാനുള്ളത്. ഇതിനെ സംബന്ധിച്ച് ആലോചിച്ച് പിന്നീട് പറയാം.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് ഇപ്പോൾ വരുന്ന പത്രറിപ്പോർട്ടുകളെല്ലാം കോൺട്രഡിക്ടറിയാണ്. രണ്ടു ഗവൺമെന്റുകളും രണ്ടു വിധത്തിലാണ് പറയുന്നത്. നമ്മൾ ഒരു വിധത്തിൽ പറയുന്നു. തമിഴ്നാട് ഗവൺമെന്റ് മറ്റൊരു വിധത്തിൽ പറയുന്നു. വിഷയം വളരെ ഗൗരവമുള്ളതാണ്. ഡാമിന്റെ മുകളിലും അടിയിലും മൂലയിലുമൊക്കെ വിള്ളലുണ്ടെന്നാണ് പറയുന്നത്. അതുകൊണ്ട് നിലവിലുള്ള വിള്ളൽ വലുതാകുന്ന ലക്ഷണമുണ്ടോ എന്നുള്ളതിനെക്കുറിച്ച് വളരെ ഗൗരവമായിട്ട് ചിന്തിക്കണം. അരുതാത്തത് വല്ലതും സംഭവിച്ചാൽ പ്രത്യാഘാതം ഗുരുതരമായിരിക്കും. അതുകൊണ്ട് ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ അടിയന്തിര സ്വഭാവത്തിൽ എന്തെങ്കിലും ഒരു ഏർപ്പാടുണ്ടാക്കി വിള്ളൽ എത്ര മാത്രം ഗൗരവമുള്ളതാണ് എന്നുള്ളത് അറിയുന്നതിനുവേണ്ടി അത് യുദ്ധകാലാടിസ്ഥാനത്തിൽ പരിശോധിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : നിങ്ങൾ പറഞ്ഞത് ശരിയാണ്. വിള്ളൽ ഭൂചലനം കൊണ്ടുണ്ടായതാണെന്നുള്ള റിപ്പോർട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഭൂഗർഭ ശാസ്ത്രജ്ഞന്മാരുടെ വിദഗ്ധാഭിപ്രായം കിട്ടണം. ഇതെല്ലാം ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടി കേന്ദ്രത്തിൽ നിന്നും ഒരു വിദഗ്ദ്ധ സമിതിയെ അയച്ചുതരണമെന്നാണ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്.

ശ്രീ. ടി.എം. ജേക്കബ്ബ് : മുല്ലപ്പെരിയാർ ഡാം ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഡാമാണ്. ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച ഭീഷണി ഉയർന്നിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് ഇടപെട്ട് ഡാം സേഫ്റ്റി കമ്മിഷനെ നിയമിക്കുകയും അവരുടെ ശുപാർശപ്രകാരം റിസർവോയറിന്റെ ലവൽ 136 അടിയിലേക്ക് താഴ്ത്തുകയും ചെയ്തത്. ഭൂചലനം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ, മുഖ്യമന്ത്രി വിദേശത്തായിരുന്നപ്പോൾ അങ്ങയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. ടി.കെ. രാമകൃഷ്ണൻ പത്രക്കാരോട് പറഞ്ഞത് (ഞാൻ വായിച്ചത്) ഇറിഗേഷൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ഇതിനെക്കുറിച്ചു പഠിക്കുന്നതിനു വേണ്ടി നിയോഗിച്ചിട്ടുണ്ട് എന്നാണ്. ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധമുള്ളതും കേന്ദ്ര ഗവൺമെന്റ് ഇടപെട്ടിട്ടുള്ളതുമായ പ്രശ്നം എന്നുള്ള നിലയിൽ ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ഡാം സേഫ്റ്റി കമ്മിഷനെക്കൊണ്ടു തന്നെ ഈ വിള്ളൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടിട്ട് അനന്തര നടപടികൾ സ്വീകരിക്കാനുള്ള താല്പര്യം കാണിക്കണം എന്ന നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിക്കാൻ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാകുമോ, മുഖ്യമന്ത്രി ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ശ്രീ. ടി.കെ. രാമകൃഷ്ണനുമായി ഞാൻ സംസാരിച്ചു. കേന്ദ്രത്തെ അറിയിക്കാം എന്ന് അദ്ദേഹം പറഞ്ഞിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും നിങ്ങൾ പറഞ്ഞത് ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിദഗ്ദ്ധ സമിതിയിൽത്തന്നെ ഇതു വരണം. തമിഴ്നാട്ടിലുള്ളവരും കേരളത്തിലുള്ളവരും മാത്രം പോര. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ നിങ്ങൾ പറയുന്ന ആപത്തൊക്കെ നമുക്കൊഴിവാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ഭൂചലനവും അതോടൊപ്പം മുല്ലപ്പെരിയാർ ഡാമിലുണ്ടായ വിള്ളലും കേരളത്തിലൊട്ടാകെ സംഭ്രമജനകമായ ഒരന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രശ്നത്തെക്കുറിച്ച് ഗവൺമെന്റ് മാത്രമല്ല ഭരണകക്ഷിയും പ്രതിപക്ഷകക്ഷിയും ഉൾപ്പെടെ വളരെ ഗൗരവമായി പഠിച്ച് ചർച്ച ചെയ്ത് ഒരു നിലപാടെടുക്കേണ്ട സമയം വളരെ വൈകിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഡാമിലുണ്ടായ വിള്ളലിനെക്കുറിച്ച് പരിശോധിക്കുന്നതിനു വേണ്ടി ഭരണകക്ഷിയിലേയും പ്രതിപക്ഷ കക്ഷിയിലേയും എം.എൽ.എ. മാരെക്കൂടി വിദഗ്ദ്ധന്മാരോടൊപ്പം മുല്ലപ്പെരിയാർ ഡാം പരിശോധിക്കുന്നതിന് അയയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : അതിനെ സംബന്ധിച്ച് കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം കിട്ടിക്കഴിഞ്ഞാൽ നമുക്ക് ആലോചിക്കാവുന്നതാണ്. അതിനെക്കുറിച്ച് നമുക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല.

മി. സ്പീക്കർ : മുല്ലപ്പെരിയാർ ഡാം ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ എം.എൽ.എ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറാണ്. അദ്ദേഹത്തിന് ചോദ്യം ചോദിക്കാൻ നിർവ്വാഹമില്ലാതിരിക്കുകയാണ്. അദ്ദേഹം ചോദിക്കട്ടെ.

('അതിനെന്താ അദ്ദേഹം ചോദ്യം ചോദിക്കട്ടെ. നമുക്ക് പുതിയ ഒരു കീഴ്വഴക്കം സൃഷ്ടിക്കാം' എന്ന് പ്രതിപക്ഷാംഗങ്ങൾ പലരും അഭിപ്രായപ്പെട്ടു)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങേയ്ക്ക് ചോദ്യം ചോദിക്കാം.

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. സി.എ. കുര്യൻ) : മുല്ലപ്പെരിയാർ ഡാമിന്റെ പേരിൽ വിവാദപരമായ പ്രസ്താവനകളിറക്കാതെ തമിഴ്നാട് ജനതയും കേരളജനതയും സൗഹാർദ്ദമായി ജീവിക്കുവാനുള്ള ഒരു സ്ഥിതി ഉളവാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി രാഷ്ട്രീയ പാർട്ടികളെ ഉപദേശിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഞാൻ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. കരുണാനിധിയുമായി ഒരു മാസം മുമ്പ് ഇതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. തമിഴ്നാട് മുഖ്യമന്ത്രി പറഞ്ഞത് 152 അടി വെള്ളം വേണമെന്നാണ്. നമ്മൾ പറഞ്ഞത് 136 അടിയും. ഈ അഭിപ്രായവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ തെറ്റിപ്പിരിയുകയാണുണ്ടായത്. ഇനി ഇതിനെ സംബന്ധിച്ച് എല്ലാ പാർട്ടികളുമായി ആലോചിച്ചിട്ടു മാത്രമേ എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സേഫ്റ്റി കമ്മിഷന്റെ വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിലാണ് ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തിയത്. പുതിയ ഒരണക്കെട്ടു നിർമ്മിക്കണമെന്നും അങ്ങനെയൊരണക്കെട്ടു നിർമ്മിച്ചാൽ മാത്രമേ സംഭരണിയുടെ ശേഷി 136 അടിയിൽ നിന്നും വർദ്ധിപ്പിക്കാൻ സാധിക്കൂ എന്നും ആലോചിച്ചിരുന്നതായാണ് എന്റെ ഓർമ്മ. അതിന്റെ രേഖകൾ ഇന്നുണ്ടോ എന്നെനിക്കറിയില്ല.

136 അടി വെള്ളം പോലും ശേഖരിക്കണമെങ്കിൽ പഴയ ഡാം സ്ട്രെങ്തെൻ ചെയ്യണമെന്നായിരുന്നു വ്യവസ്ഥ. ഡോ.നീലലോഹിതദാസൻ നാടാർ ഇതിന്റെ ചുമതല വഹിച്ചിരുന്നപ്പോഴാണ് അങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കിയത്. ഇന്നിപ്പോൾ 136 അടിക്കു വേണ്ടി സ്ട്രെങ്തെൻ ചെയ്ത ഡാമിൽ 152 അടി ജലം നിർത്തണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഇത് മുമ്പുണ്ടാക്കിയിട്ടുള്ള കരാറുകൾക്കും ധാരണകൾക്കും വിരുദ്ധമാണ്. ഇതിനെ സംബന്ധിച്ചുള്ള സുബ്രഹ്മണ്യൻ സ്വാമിയുടെ പ്രസ്താവന തെറ്റിദ്ധരിപ്പിക്കുന്നതാണ്. എം.ജി. ആർ. മുഖ്യമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹം പ്രധാനമായി ആവശ്യപ്പെട്ടിരുന്നത് ഇതൊന്നുമായിരുന്നില്ല. അച്ചൻകോവിലാറിൽ നിന്നും തിരുനെൽവേലിയിലേക്ക് ജലം നൽകണമെന്നുള്ളതായിരുന്നു അദ്ദേഹം പ്രധാനമായി ഉന്നയിച്ചിരുന്നത്. അതു കഴിയുകയില്ലെന്ന് നമ്മുടെ ഗവൺമെന്റ് പറയുകയും ചെയ്തിരുന്നു. അതുകൊണ്ട് ജലസംഭരണിയുടെ ശേഷി 136 അടിയായി നിലനിറുത്തുന്നതിനാവശ്യമായ സ്ട്രെങ്തനിംഗാണ് ആവശ്യം. കൂടുതൽ ജലം നിലനിറുത്തുന്നതിന് പുതിയ അണക്കെട്ടു കെട്ടണമെന്ന് അന്നുണ്ടാക്കിയിരുന്ന ധാരണ ഗവൺമെന്റ് പരിശോധിക്കുമോ? അങ്ങനെയാണെങ്കിൽ സുപ്രീംകോടതി വിധിയിൽ നിന്ന് രക്ഷ നേടുന്നതിന് ഈ രേഖകൾ കണ്ടു പിടിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : കേന്ദ്രത്തിലെ ഇന്നത്തെ ഹെൽത്ത് മിനിസ്റ്ററുടെ നേതൃത്വത്തിൽ, കേരളത്തിലെ മന്ത്രിസഭാ പ്രതിനിധികളും അതുപോലെ തമിഴ്നാട് പ്രതിനിധികളും കൂടി ഒരു ചർച്ച നടത്തിയിരുന്നു. കുറച്ച് മാസങ്ങൾക്ക് മുമ്പ്. അതിൽ കേരളാഗവൺമെന്റിനെ പ്രതിനിധീകരിച്ച് നമ്മുടെ നിയമവകുപ്പു മന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് ചർച്ചചെയ്തു. അന്ന് പുതിയ ഡാം നിർമ്മാണത്തിന്റെ പ്രശ്നം വന്നിട്ടേയില്ല. തമിഴ്നാടും ഉന്നയിച്ചില്ല, നമ്മളും ഉന്നയിച്ചില്ല. അവർക്ക് 152 അടി ജലം (ഇപ്പോൾ ലേറ്റസ്റ്റ് 145 എങ്കിലും) കിട്ടണം എന്നാണ്. ഞങ്ങൾ രണ്ടു പേരും അടങ്ങുന്ന ഒരു കമ്മിറ്റി സംഘടിപ്പിക്കണം എന്നു തീരുമാനിച്ചശേഷം ഏകപക്ഷീയമായ ഒരു കമ്മിറ്റി ഉണ്ടാക്കിയതിനെ നമ്മൾ പ്രൊട്ടസ്റ്റ് ചെയ്തിരിക്കുകയാണ്. അല്ലാതെ പുതിയ അണക്കെട്ടിനെപ്പറ്റിയുള്ള ഒരു പ്രശ്നം ഒരു ചർച്ചയിലും വന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ഞാൻ പരിശോധിക്കാം.

ശ്രീ. രാജു എബ്രഹാം : മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പേരിൽ തമിഴ്നാട്ടിൽ നിന്നും പച്ചക്കറിയും പാലും മുട്ടയും ഒന്നും തന്നെ കേരളത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല എന്ന് കർഷകർ തീരുമാനമെടുത്തതായി കഴിഞ്ഞ ദിവസം പത്രത്തിൽ വായിക്കാനിടയായി. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെടുകയും കേരളത്തെ ബാധിക്കുന്ന അതി ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രദ്ധിക്കുകയും ചെയ്യുമോ?

ശ്രീ. ഇ.കെ. നായനാർ : അങ്ങനെ ഒരു സാഹചര്യം വന്നു കഴിഞ്ഞാൽ, ഇവിടെ മുട്ട കിട്ടാതായാൽ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : നല്ല വാക്കുകൾ പറഞ്ഞൊന്നും മുല്ലപ്പെരിയാർ എഗ്രിമെന്റിനെ സംബന്ധിച്ച് കേരളത്തിന് ഒരു ധാരണയിൽ എത്താൻ കഴിയുന്നില്ലെന്നാണ് പത്ര വാർത്തകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. കേരളത്തിൽ എല്ലാ പത്രങ്ങളും എഡിറ്റോറിയൽ എഴുതിക്കഴിഞ്ഞു. വ്യവസ്ഥകളില്ലാതെ എഗ്രിമെന്റ് ധാരണയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ താല്പര്യം ഹനിച്ചിട്ടുണ്ടെന്നാണ് ഇപ്പോൾ പത്ര വാർത്തകളിൽ നിന്ന് മനസ്സിലാകുന്നത്. അത് എന്താണെന്ന് കണ്ടുപിടിക്കാനും അതിന് ഉത്തരവാദികളെ കണ്ടെത്താനും അതനുസരിച്ച് സുപ്രീം കോടതിയെ സമീപിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : യാതൊരു ധാരണപ്പിശകുമില്ല. പത്രം എഴുതിയതു മുഴുവൻ ശരിയാണെന്നു വിശ്വസിക്കുന്ന നിങ്ങളോട് എനിക്ക് യോജിപ്പുമില്ല. അപകടം ഉണ്ടെങ്കിൽ തീർച്ചയായിട്ടും വിദഗ്ദ്ധൻമാർ പരിശോധിച്ചുനോക്കിയല്ലാതെ പത്ര വാർത്ത നോക്കിയിട്ട് അണക്കെട്ടിനെപ്പറ്റി തീരുമാനിക്കാനാവില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം നിലവിലുണ്ടായിരുന്ന കരാറെല്ലാം ക്യാൻസലായതാണ്. 1970-ൽ 99 വർഷത്തേയ്ക്ക് പുതുക്കിക്കൊടുത്തത് ഇന്ന് അതിൽ നിന്നും പിൻമാറാൻ തടസ്സമുണ്ടാക്കുന്ന ഒരു സാഹചര്യം സൃഷ്ടിച്ചില്ലേ, അതിൽ നിന്നും രക്ഷപ്പെടാൻ വല്ല മാർഗ്ഗവുമുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : 1970-ലെ അന്തിമ കരാറനുസരിച്ച് പിന്നീട് കേരളം അതിന് അനുമതി നൽകുകയാണ് ചെയ്തത്.

ശ്രീ. സി. എഫ്. തോമസ് : ഈ വിഷയത്തിന്റെ ഗൗരവസ്വഭാവം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിൽ, ഇപ്പോഴത്തെ പ്രത്യേക സാഹചര്യം, ഭൂചലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയിച്ചിട്ട്, ഏറ്റവും ഒടുവിൽ കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. ഇ.കെ. നായനാർ : വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. അതിന് മറുപടി കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ നേരത്തെ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞു കേരളം 132-ൽ ഉറച്ചുനിൽക്കുന്നു എന്ന്. തമിഴ്നാട് 152 എന്നു പറഞ്ഞു. അവിടന്നും കാര്യങ്ങൾ മാറിയിരിക്കുകയാണ്. അങ്ങ് വിദേശത്തായിരുന്ന സമയത്തുണ്ടായ ഭൂചലനംമൂലം ബന്ധപ്പെട്ട മേഖലയിലെ ജനങ്ങൾക്ക് വലിയ ഭയാശങ്കകളുണ്ടായി. ഈ ഭൂചലനംമൂലം ഡാമിന്റെ സുസ്ഥിരതയ്ക്ക് തകരാറുണ്ടെന്ന വാർത്തകൾ ഇന്നും വന്നുകൊണ്ടിരിക്കുന്നു. അവിടെ പോയ എക്സ്പെർട്ട് ടീം പറയുന്നത് അത് നിർമ്മിച്ചിരിക്കുന്ന റോക്ക് പൊട്ടിത്തെറിക്കാൻ സാദ്ധ്യതയുണ്ടെന്നാണ്. ഈ വാർത്തകളുടെ അടിസ്ഥാനത്തിൽ ആ ഡാമിന്റെ ചുറ്റുപാടും ഇടുക്കി, കോട്ടയം ജില്ലകൾ - ഭയാശങ്കയിലാണ്. അത് പരിശോധിച്ചുകൊണ്ട് അടിയന്തിരമായി, ഈ മാറിയ സാഹചര്യത്തിൽ, പ്രത്യേകിച്ച് ഭൂചലനം ഉണ്ടായ സാഹചര്യത്തിൽ, ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അത് ഞാനും നിങ്ങളും മാത്രം വിചാരിച്ചാൽ പോര. അതിന്റെ എക്സ്പെർട്ട് കമ്മിറ്റിയുണ്ട്. അവരുടെ വിദഗ്ദ്ധാഭിപ്രായം കിട്ടാതെ ഞാനും നിങ്ങളും പ്രസംഗിച്ചതുകൊണ്ട് വല്ല കാര്യവുമുണ്ടോ? പത്ര

ത്തിൽ എഴുതിയതുകൊണ്ട് വല്ല കാര്യവും ഉണ്ടോ? എക്സ്പെർട്ട് കമ്മിറ്റി യുടെ റിപ്പോർട്ട് കിട്ടിയിട്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. സത്യൻമൊകേരി : കരാർ വ്യവസ്ഥ ലംഘിച്ചുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി തടയു ന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീക രിച്ചത്?

ശ്രീ. ഇ.കെ. നായനാർ : ഈ അപകടം വന്നതിനുശേഷം എടുത്തി ട്ടുള്ള നടപടികൾ കേന്ദ്രഗവൺമെന്റിനെ അറിയിച്ചുണ്ട്. അവർ വന്ന് പരിശോ ധിക്കണം. ഞാനും നിങ്ങളും മാത്രം പരിശോധിച്ചതുകൊണ്ട് വിള്ളലിനെപ്പറ്റി യുള്ള വിവരം കിട്ടില്ല. വിദഗ്ദ്ധരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷമേ നമുക്ക് ആക്ട് ചെയ്യാൻ സാധിക്കൂ. അല്ലാതെ പ്രത്യേകിച്ച് ഒരു പ്രമേയം പാസ്സാക്കിയതുകൊണ്ട് വിള്ളലിനെപ്പറ്റി വ്യാഖ്യാനിക്കാൻ കഴിയില്ല.

ശ്രീ. ജി. കാർത്തികേയൻ : മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ച മാത്രമല്ല, പുതിയ ഒരു ഡവലപ്മെന്റ് കൂടി ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. അത് അങ്ങയുടെ മറുപടിയിൽ വന്നിട്ടില്ല. ജലനിരപ്പ് ഉയർത്തണമെന്ന് ആവ ശ്യപ്പെട്ടുകൊണ്ടുള്ള തമിഴ്നാടിന്റെ നിരന്തരമായ ശ്രമം ഡൽഹിയിലുണ്ട്. ഏതെങ്കിലും ഒരു മീറ്റിംഗ് വരുമ്പോൾ തലേദിവസം ഇവിടെനിന്ന് ഒരു എക്സിക്യൂട്ടീവ് എൻജിനീയറെ അയച്ചുകൊടുക്കും. തമിഴ്നാടിന്റെ ഒരു ടീം ഡൽഹിയിൽ വർക്ക് ചെയ്യുകയാണ്. ആ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഇടപെട്ട് അഞ്ചംഗ ഉപസമിതിയെ വച്ചു. ആ ഉപസമിതി യിൽ കേരളത്തിന്റെ പ്രതിനിധിയായി ഇലക്ട്രിസിറ്റി ബോർഡിലെ മുൻ സിവിൽ അംഗം ശ്രീ. പരമേശ്വരൻ നായരെ വച്ചു. ആ ടീം അവിടെ പോയി പരിശോധിച്ച് ചർച്ച നടത്തി, ശ്രീ. പരമേശ്വരൻ നായർ ഒഴികെയുള്ള മറ്റ് ടീം അംഗങ്ങളെല്ലാം ജലനിരപ്പ് ഉയർത്തുവാൻ ശുപാർശ വച്ചു. ആദ്യം ഡിസന്റിംഗ് നോട്ട് പോലും എഴുതാൻ അദ്ദേഹത്തെ സമ്മതിച്ചില്ല. ഗൗരവ മായി കാണണം. കേന്ദ്രഗവൺമെന്റിന്റെ അറിവോടുകൂടി സുപ്രീം കോടതി വച്ച ഉപസമിതിയുടെ തീരുമാനം, കേരള ഗവൺമെന്റ് പ്രതിനിധി ഒഴികെ മറ്റു ള്ളവർ ഏകകണ്ഠമായി എടുത്ത തീരുമാനം ജലനിരപ്പ് ഉയർത്തുന്നതിനു വേണ്ടിയാണ്. അങ്ങയുടെ മറുപടിയിൽ ഇതൊന്നും വന്നിട്ടില്ല. ശ്രീ. കരുണാ നിധിയുമായി ചർച്ച നടത്തിയതിനപ്പുറമായി ഇതിൽ ഗൗരവമായി, സാങ്കേതി കമായി പരിഹാരം കണ്ടെത്താനുള്ള ശ്രമം ഡൽഹിയിലാണ്. അങ്ങനെ വരു മ്പോൾ വളരെ ഗുരുതരമായി കാര്യങ്ങൾ മാറും. ഡൽഹിയുടെ തീരുമാനം എന്നു പറയുന്നത് ജലനിരപ്പ് ഉയർത്തുന്നതിനുവേണ്ടിയാണ്. അക്കാര്യത്തിൽ, കേരളഗവൺമെന്റ് എത്ര ഗൗരവമായി അതിനെ എടുത്തു, ഇങ്ങനെ വന്നിരി ക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : തീർച്ചയായിട്ടും നിങ്ങൾ പറഞ്ഞതിൽ സത്യ മില്ലെന്നു ഞാൻ പറയുന്നില്ല. സത്യത്തിന്റെ ഭാഗം ഉണ്ട്. തമിഴ്നാടിന്റെ സ്വാധീനശക്തി കേന്ദ്രത്തിൽ ചെലുത്തുന്നുണ്ടോ എന്നുള്ളതിൽ സംശയമു ണ്ട്. അതിനാണ് സുപ്രീം കോടതിയിൽ വിദഗ്ദ്ധനായിട്ടുള്ള അഡ്വക്കേറ്റ് ശ്രീ. ദേശായിയും മറ്റുള്ളവരുമുള്ളത്. സുപ്രീംകോടതിയിലാണ് ഈ കേസ്. അവരെ ഇങ്ങോട്ട് അയച്ചിരിക്കുകയാണ് സെൻട്രൽ ഗവൺമെന്റ്. ആ കേസ് വന്നിട്ടില്ല. നമ്മളും വിദഗ്ദ്ധരായിട്ടുള്ള വക്കീലന്മാരേയും മറ്റ് ആളുകളേയും ആർഗ്യൂ ചെയ്യാൻ വേണ്ടി നിയോഗിച്ചിരിക്കുകയാണ്. സെൻട്രലിലെ ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ചർച്ചയ്ക്കു ശേഷം ജൂലൈ 19-ാം തീയതി ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിശ്ചയിച്ചിരുന്നു. അതിൽ ഞങ്ങളേയും കൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞിരുന്നിട്ടും ഉൾപ്പെടുത്താതിരുന്നതിനെ ഞങ്ങൾ പ്രൊട്ടസ്റ്റ് ചെയ്തിരുന്നു. അതേ സമയം ശ്രീ. പരമേശ്വരൻ നായർ അതിൽ ഉള്ളതു കൊണ്ട് അദ്ദേഹം ശക്തിയായി വാദിക്കുകയുണ്ടായി. അതിനെതുടർന്ന് സെൻട്രൽ ഗവൺമെന്റ് ഇപ്പോൾ സുപ്രീം കോടതിയിലേയ്ക്ക് കൊടുത്തിരിക്കുകയാണ്. അതിൽ നമ്മളും ശ്രീ. ദേശായി അടക്കമുള്ള ലായേഴ്സിനെ നിയോഗിച്ചിരിക്കുകയാണ്. ആ പണി കഴിഞ്ഞിട്ടില്ല. അതിനി വാദിക്കാനിരിക്കുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു ഭാഗത്ത് കുറെ സത്യമുണ്ട് എന്നുള്ളത് സത്യമാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 2-ഉം 28-ഉം ക്ലബ്ബ് ചെയ്തെടുക്കാം.

2 (*2,28) വിഷമദ്യ ദുരന്തങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിഅമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ വിഷമദ്യ ദുരന്തം ഉണ്ടായിട്ടുണ്ട്.

(ബി) ഇവയിൽ എത്ര ആളുകൾ മരിച്ചു; അവർ ആരെല്ലാം; എത്ര പേർക്ക് കാഴ്ച ശക്തി നശിച്ചു; എത്രപേർക്ക് ഭാഗികമായി കാഴ്ചശക്തി നശിച്ചു.

(സി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് ആർക്കെതിരെയെല്ലാം എവിടെയെല്ലാം കേസ് എടുത്തിട്ടുണ്ട്;

(ഡി) വിഷമദ്യ ദുരന്തത്തെ സംബന്ധിച്ച് ഇപ്പോൾ ഏതെല്ലാം നിലയിലുള്ള അന്വേഷണങ്ങളാണ് നടന്നുവരുന്നത്. അന്വേഷണം നടത്തുന്നത് ആരാണ്;

(ഇ) 2000 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്ത് ഉണ്ടായ വിഷമദ്യ ദുരന്തത്തെപ്പറ്റി അന്വേഷിക്കുന്നതിന് ഏതെങ്കിലും കമ്മീഷനെ നിയോഗിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണ കമ്മീഷൻ ആരാണെന്നും, കമ്മീഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്നും, കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവകളുടെ കോപ്പി ലഭ്യമാക്കാമോ;

(ജി) രാഷ്ട്രീയ കക്ഷികൾക്കും ഉദ്യോഗസ്ഥൻമാർക്കും വ്യാജമദ്യത്തിന്റെ കടത്തിലും വിൽപ്പനയിലും ഉള്ള പങ്കിനെപ്പറ്റി ടേംസ് ഓഫ് റഫറൻസിൽ എന്തെല്ലാം കാര്യങ്ങൾ ചേർത്തിട്ടുണ്ട്;

(എച്ച്) ഇക്കാര്യം ടേംസ് ഓഫ് റഫറൻസിൽ ചേർക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്ത്;

LIBRARY ARCHIVES Kerala Legislative Assembly